**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം വികസന അതോറിറ്റി - പാളയം വികസന പദ്ധതിക്കായി ട്രിഡ ഏറ്റെടുത്ത കടയിലെ വാടകക്കാരനായ ശ്രീ.എം.എൻ.സുരേഷിന്റെ പേരിലുള്ള വാടക കുടിശ്ശിക എഴുതിതള്ളുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.3785/2015/തസ്വഭവ. തിരുവനന്തപുരം, തീയതി: 18/12/2015**

---

പരാമർശം:-(1) 01.03.2013 ലെ സ.ഉ.(പി) നം.110/2013/ധന നമ്പർ ഉത്തരവ്.
(2) ട്രിഡ സെക്രട്ടറിയുടെ 25.11.2013 ലെ ആർ3/245/2003/റ്റി.സി.14/2221 ട്രിഡ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം വികസന അതോറിറ്റി പാളയം വികസന പദ്ധതി നടപ്പിലാക്കുന്നതിനായി ഏറ്റെടുത്ത സ്ഥലത്തുള്ള കെട്ടിടങ്ങളിൽ നിലവിലുണ്ടായിരുന്ന വാടകക്കാരായ കച്ചവടക്കാർക്ക് പുനരധിവാസം നൽകുന്നതുവരെ ടി കെട്ടിടങ്ങളിൽ വാടകക്കാരായി തുടരുന്നതിന് അനുവാദം നൽകാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ വാടകയ്ക്ക് കട നടത്തിയിരുന്ന ശ്രീ.എം.എൻ.സുരേഷിന്റെ പേരിൽ 3/99 മുതൽ 20.04.2004 വരെയുള്ള വാടകകുടിശ്ശികയായ 13,839/- രൂപ എഴുതിത്തള്ളുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം 2 പ്രകാരം സെക്രട്ടറി, ട്രിഡ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം ഒന്ന് ഉത്തരവിലെ ഇനം നമ്പർ 26 പ്രകാരം ശ്രീ.എം.എൻ.സുരേഷിന്റെ പേരിലുള്ള കടയുടെ വാടകകുടിശ്ശികയായ 13,839/- രൂപ (പതിമൂവായിരത്തി എണ്ണൂറ്റി മുപ്പത്തൊമ്പത് രൂപ മാത്രം) എഴുതിത്തള്ളുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**എൻ. വിശ്രുതൻ ആചാരി**
**ഗവൺമെന്റ് അണ്ടർ സെക്രട്ടറി.**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**